# വമ്പിച്ച നവവത്സര സാഹിത്യസഹായവില്പന

സഞ്ജയൻ



വമ്പിച്ച നവവത്സര സാഹിത്യസഹായവില്പന

സഞ്ജയൻ

(മലയാളം: ലേഖനം)

© 2021, Sanjayan.

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Frost Fair on the River Thames near the Temple Stairs, a painting by Thomas Wyke. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# വമ്പിച്ച നവവത്സര സാഹിത്യസഹായവില്പന

പലതരം ചരക്കുകൾ! മിതമായ വില! വരുവിൻ! വാങ്ങുവിൻ!

ക്രിസ്മസും നവവത്സരവും പ്രമാണിച്ച് തുണിക്കച്ചവടക്കാരും, പലവക വത്തകന്മാരും, വമ്പിച്ച സഹായവില്പന നടത്തുന്ന ഈ ശുഭമുഹൂർത്തത്തിൽ, കൊല്ലം മുഴുവൻ ശ്രമിച്ചിട്ടും അഴിച്ചലാവാത്ത സാമാനങ്ങൾ ഒരടിക്കു ഷോപ്പുകളിൽനിന്നു വീട്ടുകളിലേക്കു സ്ഥലം മാറുന്ന ഈ സുവർണാവസരത്തിൽ, സാഹിത്യവ്യാപാരികൾ മാത്രം പഴയ സ്റ്റോക്കു വെച്ചുകൊണ്ടിരിക്കുന്നത് എത്രയും അനാശാസ്യമാകയാൽ സഞ്ജയൻ ഈ കാര്യത്തിൽ ചൂട്ടുപിടിയനായി മുൻപേ നടക്കുവാൻ ആലോചിക്കുന്നു. ചങ്ങലംപരണ്ടയിൽവെച്ച് ഇപ്പോൾ ബഹുജോറായി നടന്നുകൊണ്ടിരിക്കുന്ന അഖിലലോക സാമാന്യവസ്തുപ്രദർശനത്തിന്റെ കൂടെ സഞ്ജയന്റെ വകയായി ഒരു സാഹിത്യസഹായവിലപനയും നടത്തുവാൻ പോകുന്നു. പത്രപംക്തികളിൽ അഴിച്ചലാക്കുവാൻ സാധിക്കാതിരുന്ന കവിതകൾ, രസശലകങ്ങൾ, മുഖപ്രസംഗങ്ങൾ, വിമർശനങ്ങൾ മുതലായവ സഞ്ജയന്റെ പുതിയ സ്റ്റോക്കിനു സ്ഥലമുണ്ടാക്കേണ്ടുന്ന ഒരൊറ്റ ഉദ്ദേശ്യത്തെ മുൻനിർത്തി എത്രയും സഹായവില്പനയ്ക്കു വില്ക്കുന്നു!. ലേഖകന്മാർ, യുവസാഹിത്യബോറന്മാർ, കൊച്ചുകവികൾ, പത്രാധിപസ്ഥാനാർഥികൾ മുതലായവർക്കു് ഇത്ര നല്ല ഒരവസരം വേറെ കിട്ടുന്ന കാര്യം നന്നേ സംശയത്തിലാണ്. ഞങ്ങളുടെ കാറ്റ്ലോഗിന്റെ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു:

മുഖപ്രസംഗങ്ങൾ—ഏതവസരത്തിലും ഉപയോഗിക്കാവുന്ന, സംസ്കൃതപദബഹുലങ്ങളായവ, പച്ചമലയാളത്തിൽ എഴുതപ്പെട്ടവ, അങ്ങുമിങ്ങും തൊടാത്തവ, ഇങ്ങനെ പലതരത്തിലും വലിപ്പത്തിലുമുള്ള മുഖപ്രസംഗങ്ങൾ വില്ക്കുവാൻ തയ്യാറുണ്ട്. കെണിയാവിലെ ഇന്ത്യക്കാർ, മലബാറിലെ നിലനികുതി, കേരളസർവകലാശാല, കേരളത്തിന്റെ ഏകീകരണം, ചൈനയിലെ അവീൻ വ്യാപാരം, സ്ത്രീവിദ്യാഭ്യാസം, മുൻസിപ്പാലിറ്റി ഭരണം, പ്രാഥമികവിദ്യാഭ്യാസം—മുതലായി ഒരിക്കലും പഴകാത്ത വിഷയങ്ങളെക്കുറിച്ച് ഏതു രുചിക്കും, പാണ്ഡിത്യത്തിനും പറ്റിയ വിധത്തിൽ എഴുതപ്പെട്ട ഈ മുഖപ്രസംഗങ്ങൾ ഒന്നു വായിച്ചുനോക്കുവിൻ! കുറച്ചു സാമ്പിളുകൾ താഴെ ചേർക്കുന്നു;

## ഭൂനികുതിയുടെ അനാശാസ്യത

'മനുഷ്യരുടെ സമവിഷമ ദശാവിശേഷപരിണതികൾ അലക്ഷിതോപനിപാതങ്ങളായിരിക്കുന്നു. ധനാഢ്യയമെന്ന സാർഥകമായ ഒരു നാമവിശേഷണത്താൽ അലംകൃതമാകുവാൻ അർഹതയോടുകൂടിയ ഈ കേരളഭൂമി അഭൂതപൂർവമായ കാർഷികോല്പന്നവൈരള്യത്താലും, സാമ്പത്തികാധഃപതനത്തിനാലും, ദാരിദ്ര്യഗർത്തത്തിലേക്കു നിപതനോന്മുഖമായി നില്ക്കുന്നു. ഈ വിഷമഘട്ടത്തിലാണു വർധിച്ച ഭൂനികുതി കർഷകന്മാരെയും ജന്മിമാരെയും ദീനാക്രാന്തതുന്ദിലന്മാരാക്കിത്തീർത്തെന്ന ദുഃഖവാർത്ത ഞങ്ങൾ നയനദ്വന്ദ്വത്തിൽ കങ്കണത്തോടുകൂടി അധികൃതസമക്ഷം നിവേദനം ചെയ്തുകൊള്ളട്ടയോ?'

ഇതു തനി ഗീർവാണസമ്പ്രദായമാണ്. എനി പച്ചമലയാളത്തിൽ പ്രക്ഷോഭജനകമായ രീതിയുടെ ഒരു മാതൃക ചേർക്കാം:

## മുതലാളികൾ പോകണം

മുതലാളികൾ പോകാതെ കഴിയുകയില്ല. ഈ തെമ്മാടികളുടെ അധികപ്രസംഗം എത്രത്തോളമാണു നമ്മൾ സഹിക്കുക; ക്ഷമയക്ക് അതിരില്ലേ? ഇപ്പോൾത്തന്നെ തൊഴിലാളികൾ ഉണർന്നെഴുന്നേറ്റു കാലിൽ ചെരിപ്പുകളോടുകൂടി ഈ മുതലാളിക്കോട്ടയെ ചവിട്ടിത്തകർക്കേണ്ടതാണെന്നു ഞങ്ങൾ ലവലേശം പേടിയില്ലാതെ ഉറപ്പിച്ചു പറയുന്നു! എഴുന്നേല്പിൻ! മുന്നോട്ടു പായുവിൻ! എന്നാണു ഞങ്ങൾക്ക് കുതിരകയറപ്പെട്ട തൊഴിലാളികളോടു പറയുവാനുള്ളത്.

എനിയുള്ളത് അങ്ങുമിങ്ങും തൊടാത്ത രീതിയാണ്. ഈ രീതി വളരെ ബുദ്ധിമുട്ടുള്ളതാണ്. വരിക്കാർ അധികമില്ലാതിരിക്കുക; ഉള്ള വരിക്കാർ പല അഭിപ്രായക്കാരായിരിക്കുക—ഈ ഘട്ടത്തിലാണ് ഇത്തരം മുഖ്രപസംഗങ്ങളുടെ ആവശ്യം. ഒരു സാമ്പിൾ താഴെ ചേർക്കുന്നു:

## ഭരണപരിഷ്കാരങ്ങൾ

ഭരണപരിഷ്കാരങ്ങളെപ്പറ്റി പലരും പലതും പറയുന്നുണ്ട്. ചിലരുടെ അഭിപ്രായത്തിൽ ഇത് ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിയിലേക്കുള്ള നടവഴിയാണ്. മറ്റു ചിലർ പറയുന്നത് ഇത് 'പാരതന്ത്ര്യത്തിലേക്കുള്ള പിടിച്ചുതള്ളലാണെന്നാണ്.' ഈ ഘട്ടത്തിൽ ഒരഭിപ്രായം പ്രകടിപ്പിക്കുന്നതു വളരെ സൂക്ഷിച്ചു വേണ്ടതാണ്. എന്നാലും ഇന്ത്യയുടെ താല്ക്കാലിക സ്ഥിതിയെക്കുറിച്ച് ആലോചിച്ചുനോക്കുന്ന പക്ഷം ഈ പരിഷ്കാരങ്ങൾ ഇന്ത്യയുടെ സ്വാതന്ത്ര്യേച്ഛയെ തൃപ്തികരമാകും വണ്ണം നിറവേറ്റുവാൻ പര്യാപ്തമല്ലെന്നുള്ളതിൽ വാസ്തവമില്ലാതെയല്ലെന്നുള്ള അഭിപ്രായത്തിന്റെ നിരാകരണം അസാധുവല്ലെന്നുള്ള തീർപ്പോടു യോജിക്കാതിരിക്കുവാനാണ് അധികം യുക്തിയെന്നു ചിലർ പറയുന്നുണ്ടെങ്കിൽ അവരുടെ വീക്ഷണകോണം പിഴച്ചുപോയിട്ടില്ലേ എന്നു ഞങ്ങൾ ശങ്കിക്കാതിരിക്കുകയും ചെയ്യുന്നില്ലെന്നില്ല. ഈ അഭിപ്രായം കുറെ കടന്നുപോയിട്ടുണ്ടെന്നു വല്ല വായനക്കാരും വിചാരിക്കുന്നുണ്ടെങ്കിൽ, അവരുടെ സിദ്ധാന്തത്തിലും ന്യായമുണ്ടെന്നു ഞങ്ങൾ സമ്മതിക്കുന്നതുമുണ്ട്...

മേല്പറഞ്ഞ സാമ്പിളിൽ ഭരണപരിഷ്കാരങ്ങളെക്കുറിച്ചു പത്രാധിപരുടെ യഥാർത്ഥമായ അഭിപ്രായം ആദ്യത്തെ വായനയിൽ കണ്ടുപിടിക്കുവാൻ സാധിക്കുന്നവർക്ക് അഞ്ഞൂറുപ്പിക ഇനാം കൊടുക്കുവാൻ സഞ്ജയൻ തീർച്ചപ്പെടുത്തീട്ടുണ്ട്.

വില: പറ (പത്തിടങ്ങഴി) ഒന്നുക്ക്—ടക.

പത്തു പറ ഒന്നായി എടുക്കുന്നവർ എട്ടിന്റെ വില കൊടുത്താൽ മതി.

ഇവ കൂടാതെ താഴെ പറയുന്ന ചരക്കുകൾകൂടി വില്പാനുണ്ട്.

1. കവിതകൾ: പല വൃത്തത്തിലും, രീതിയിലുമുള്ളവ. പേരു ചേർക്കുവാൻ സ്ഥലമൊഴിച്ചുവെച്ചിട്ടുള്ള സഭാമംഗളങ്ങൾ, വിവാഹമംഗളങ്ങൾ മുതലായവകൂടി ഇവയിൽ ഉൾപ്പെടുന്നതാണ്. ഗാലൻ ഒന്നിനു 3ക.
2. ചെറുകഥകൾ, പലതരം ഉപന്യാസങ്ങൾ മുതലായവ: വാര ഒന്നിനു 3ണ. 6പേ.
   ഒരു ഫർലോണങ് ഒന്നായി എടുക്കുന്നവർക്കു വാര ഒന്നിനു 6പ.
3. രസശകലങ്ങളും (കെട്ടിൽ പഴകിയതു്) വിജ്ഞാനശകലങ്ങളും ഡസൻ ഒന്നിനു 1ക. 4ണ.

പേക്കിങ് ചാർജ്ജും തപാൽക്കൂലിയും ഇതിൽ ഉൾപ്പെടുന്നതല്ല. ആവശ്യക്കാർ ഉടനെ താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

പി. സഞ്ജയൻ ആണ്ട് കമ്പനി.

എ. എൽ. എസ്. വി. പ്രദർശനപന്തൽ, ചങ്ങലംപരണ്ട.

30-12-1934

□

## സഞ്ജയൻ



പ്രശസ്തനായ ഒരു മലയാള സാഹിത്യകാരനാണ് സഞ്ജയൻ. സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13 – മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിക്കടുത്ത് 1903 ജൂൺ 13-നു ജനിച്ചു. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്ത സഞ്ജയൻ, പി. എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## കുടുംബം

1903 ജൂൺ 13-നു തലശ്ശേരിക്കടുത്ത് ഒതയോത്ത് തറവാട്ടിൽ മാടാവിൽ കുഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. കടത്തനാട്ടു രാജാവ് കല്പിച്ചകൊടുത്ത സ്ഥാനപ്പേരായിരുന്ന വൈദ്യർ എന്നത്. കവിയും ഫലിതമർമ്മജ്ഞനും സംഭാഷണചതുരനുമായിരുന്ന കുഞ്ഞിരാമൻ വൈദ്യർ 42-ാം വയസ്സിൽ മരിച്ചപോയി. അച്ഛന്റെ കാലശേഷം രാവുണ്ണിയും സഹോദരങ്ങളും മാടാവ് വിട്ട് ഒതയോത്തേക്ക തിരിച്ചുപോന്നു.

വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്നു രാമുണ്ണി. രണ്ടു വയസ്സിനു മൂപ്പുള്ള, മൂത്തമകൻ കരുണാകരൻ നായർ റവന്യൂ വകുപ്പിൽ തഹസീൽദാരായിരുന്നു. നല്ല കവിതാവാസനയുണ്ടായിരുന്ന കരുണാകരൻ നായർ രാമുണ്ണി നായർ മരിക്കുന്നതിന് ഒന്നര വർഷം മുമ്പേ മരിച്ചുപോയി.

എം. ആറിന്റെ ഇളയ സഹോദരിയായിരുന്നു പാർവ്വതി എന്ന പാറുക്കുട്ടി. എം. ആറിനു വളരെയധികം വാത്സല്യമുണ്ടായിരുന്ന അനുജത്തിയെ പി. കുട്ടി എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത്. കോഴിക്കോട്ടു സാമൂതിരി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന പി. കുഞ്ഞിരാമൻ നായരായിരുന്നു പാറുക്കുട്ടിയുടെ ഭർത്താവ്.

വൈദ്യരുടെ അകാലചരമത്തിനുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, വേണ്ടപ്പെട്ടവരുടെ നിർബന്ധത്തിനു വഴങ്ങി സഞ്ജയന്റെ അമ്മ, പിണറായി പുതിയ വീട്ടിൽ ഡോ. ശങ്കരൻ നായരെ പുനർവിവാഹം ചെയ്തു. ഇങ്ങനെ കുഞ്ഞിശങ്കരൻ, ബാലകൃഷ്ണൻ, ശ്രീധരൻ എന്നീ പേരുകളിൽ മൂന്ന് അനുജന്മാരെക്കൂടി രാമുണ്ണിയ്ക്ക് ലഭിച്ചു.

## വിദ്യാഭ്യാസം

തലശ്ശേരി ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ചെന്നൈ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലാണ് പഠിച്ചത്. 1919-ൽ പാലക്കാട് വിക്ടോറിയാ കോളേജിൽ അദ്ദേഹം ഇന്റർമീഡിയറ്റിനു ചേർന്നു.

## സാഹിത്യപ്രവർത്തനം

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ "സഞ്ജയൻ" എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് വിശ്വരൂപം എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ സാഹിത്യനികഷം (രണ്ട് ഭാഗങ്ങൾ), സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, ഒഥല്ലോ (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. കുഞ്ചൻ നമ്പ്യാർക്ക ശേഷമുള്ള മലയാളത്തിലെ വലിയ ഹാസ്യസാമ്രാട്ടായിട്ടാണ് സഞ്ജയൻ അറിയപ്പെടുന്നത്. കവി, പത്രപ്രവർത്തകൻ, നിരൂപകൻ, തത്ത്വചിന്തകൻ, ഹാസ്യപ്രതിഭ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പരിഹാസപ്പുപ്പനിനീർച്ചെടിക്കെടോ ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ എന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

## മരണം

1943 സെപ്റ്റംബർ 13-നു കുടുംബസഹജമായിരുന്ന ക്ഷയരോഗം മൂർച്ഛിച്ച് അന്തരിച്ചു.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.